LIBRARY ARCHIVES Kerala Legislative Assembly

അരൂർ മണ്ഡലത്തിലെ തുറവൂർ ആശുപത്രിയുടെ സ്ഥലമെടുപ്പ്

147(3069) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ ആശുപത്രിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ എന്താണ്;

(ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് ഏതു ഘട്ടത്തിലാണ്;

(സി) സ്ഥലമെടുപ്പ് നടപടികൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) തുറവൂർ ആശുപത്രിയുടെ വികസനത്തിനായി അടിയന്തരമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തുറവൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുള്ളതും അവാർഡ് പാസ്സാക്കിയിട്ടുള്ളതുമാണ്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയുള്ള ഡബ്ല്യു.പി.(സി) 28198/11 നമ്പർ ഹർജിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നത് തടഞ്ഞിട്ടുള്ളതാണ്.

(ബി) പ്രസ്തുത റിട്ട് ഹർജി ഇപ്പോഴും നിലവിലുണ്ട്.

(സി&ഡി) പൊന്നുംവില നടപടികൾ പൂർത്തിയായിട്ടുള്ളതിനാൽ തുടർ നടപടികൾ അവശേഷിക്കുന്നില്ല. സ്റ്റേ നീക്കിയാൽ സ്ഥലം ഏറ്റെടുത്ത് കൈമാറാനാകും. സ്റ്റേ മാറ്റി കിട്ടുന്നതിനായി അഡ്വക്കേറ്റ് ജനറലിന് കളക്ടർ കത്തെഴുതുകയും early posting - നുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതി ഐ.എ. ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസ് അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതാണ്.

റാന്നി താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള കർഷകർ

148(3070) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള എത്ര കർഷകർ ബാക്കിയുണ്ട് എന്നും എത്ര ഹെക്ടർ സ്ഥലത്തിനു ഇത്തരത്തിൽ പട്ടയം നൽകാനുണ്ട് എന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;